**No.S3-189379/2018/PHQ(1)**
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547
Dated. 31-08-2020

# സർക്കുലർ 34/2020/പി.എച്ച്.ക്യൂ

വിഷയം : iAPS-ൽ നിലവിൽ വന്ന വിവിധ പരിഷ്ക്കാരങ്ങൾ സംബന്ധിച്ച്
സൂചന : സർക്കാർ ഉത്തരവ് നമ്പർ 2178/2010/ആഭ്യന്തരം തീയതി 30.06.2010

01. സാങ്കേതിക വിദ്യയുടെ സഹായത്താൽ ഓഫീസുകളിലെ ഭരണപരമായ പ്രവൃത്തികൾ ലഘൂകരിക്കാനും ഫയലുകളിലെ നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായി നിർവ്വഹിക്കാനും മേൽസൂചനപ്രകാരം iAPS (Internal Administrative Processing System) കേരള പോലീസ് വകുപ്പിലെ എല്ലാ ഓഫീസുകളിലും നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. iAPS-ൽ നൂതന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ചില പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ട്.
02. ആയതുകൊണ്ട്, ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട താഴെ കൊടുത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഇതിനാൽ പുറപ്പെടുവിച്ചുകൊള്ളുന്നു.

i. <u>iAPS-ൽ ലഭ്യമായിരുന്ന "Order Register" എന്ന മെനു താഴെ പറയുന്ന മാറ്റങ്ങളോടെ പുനസ്ഥാപിച്ചിട്ടുള്ളതാകുന്നു:</u>

ഒരു iAPS ഫയലിൽ മേലധികാരി അംഗീകാരം (approve) നൽകിയ നക്കൽ (draft) ഉത്തരവ് അസ്സൽ (fair copy) ആക്കുന്ന മാത്രയിൽ തന്നെ ടി ഉത്തരവ് സ്വയമേവ "Order Register" എന്ന മെനുവിൽ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. എന്നാൽ ഇവ "Order Register"-ൽ നിന്നും കാണാനോ ഡൌൺലോഡ് ചെയ്തു എടുക്കാനോ സാധിക്കുന്നതല്ല.

ആയതിനാൽ ഇവ മറ്റുള്ളവർക്ക് കാണാനും ലഭ്യമാക്കാനും ആയി ഫയൽ ഓണർ ആയിട്ടുള്ള സീറ്റ് ക്ലർക്ക് ടി ഉത്തരവുകൾ "Order Register" ലേക്ക് പ്രസിദ്ധപ്പെടുത്തേണ്ടതാണ് (Publish). ആയതിലേക്കായി ഫയലിന്റെ ഫെയർ കോപ്പി ടാബിൽ "Publish" എന്ന ബട്ടൺ നൽകിയിട്ടുണ്ട്. ഉത്തരവുകൾ പബ്ലിഷ് ചെയ്യാനുള്ള പൂർണ്ണ ഉത്തരവാദിത്വം അതാതു സീറ്റ് ക്ലർക്കുമാരിൽ നിക്ഷിപ്തം ആണ്. ബന്ധപ്പെട്ട മേലധികാരികൾ ഉത്തരവുകൾ എല്ലാം തന്നെ "Order Register" ലേക്ക് അതാതു ക്ലർക്കുമാർ സമയബന്ധിതമായി പ്രസിദ്ധപ്പെടുത്തുന്നു എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

നാളിതുവരെയുള്ള അസ്സൽ (ഫെയർ കോപ്പി ആക്കിയിട്ടുള്ളവ) ഉത്തരവുകൾ എല്ലാം തന്നെ "Order Register" ലേക്ക് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് (Publish). ആയതിനാൽ ഇനി പഴയ ഉത്തരവുകൾ വീണ്ടും പ്രസിദ്ധപ്പെടുത്തേണ്ടതില്ല.

ഒരു സീറ്റ് ക്ലർക്ക് മാനുവൽ (Manual Order Register) ആയി അപ് ലോഡ് ചെയ്യുന്ന ഉത്തരവുകൾ സ്വയമേവ "Order Register" ലേക്ക് പ്രസിദ്ധമാകുന്നതാണ് (Publish). ആയതിനാൽ മാനുവൽ ഉത്തരവുകൾ വീണ്ടും പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യം വരുന്നില്ല.

ii. <u>**iAPS-ൽ നിന്നും നേരിട്ട് സുപ്രധാനമായ ഉത്തരവുകൾ/ക്വട്ടേഷൻ നോട്ടീസുകൾ എന്നിവ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താനുള്ള സംവിധാനം**</u>

കേരള പോലിസ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താനുള്ള പ്രധാനപ്പെട്ട ഉത്തരവുകൾ/ക്വട്ടേഷൻ നോട്ടീസുകൾ എന്നിവ നേരിട്ട് ക്ലർക്കുമാർക്കു തന്നെ പ്രസിദ്ധപ്പെടുത്താനുള്ള സൗകര്യം കൂടി iAPS-ൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട ഔദ്യോഗിക ഉത്തരവുകൾ/ക്വട്ടേഷൻ നോട്ടീസുകൾ എന്നിവ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താനായി "Publish to Website" എന്ന ബട്ടൺ നൽകിയിട്ടുണ്ട്. ആയതിനാൽ ഇനി ഇത്തരത്തിലുള്ള ഉത്തരവുകൾ/ക്വട്ടേഷൻ നോട്ടീസുകൾ എന്നിവ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താനായി അവയുടെ പകർപ്പുകൾ SCRB-യിലേക്ക് അയച്ചു നൽകേണ്ടതില്ലായെന്നും ടി ഉത്തരവുകൾ/ക്വട്ടേഷൻ നോട്ടീസുകൾ എന്നിവ അതാതു സീറ്റ് ക്ലർക്കുമാർ തന്നെ iAPS-ൽ നിന്നും നേരിട്ട് വെബ്സൈറ്റിലേക്ക് പുതിയ സംവിധാനം ഉപയോഗിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ് എന്നും അറിയിക്കുന്നു.

iii. **<u>iAPS-ൽ ജീവനക്കാരുടെ ഓൺലൈൻ ഹാജർ പരിശോധിക്കാൻ ഉള്ള സംവിധാനം (Attendance Log):</u>**

മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് കീഴ്_ജീവനക്കാരുടെ ഓൺലൈൻ ആയുള്ള ഹാജർ പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. **"Attendance Log"** എന്ന മെനുവിൽ നിന്നും ഓഫീസിലെ മുഴുവൻ ജീവനക്കാരുടെയും ഹാജർ കാണാവുന്നതാണ്. ഓരോ ജീവനക്കാരുടെയും ലോഗിൻ ലോഗൌട്ട് വിവരങ്ങളും ഓൺലൈൻ ആയി ജോലി എടുത്ത സമയ വിവരങ്ങളും, ലോഗിൻ ചെയ്യാൻ ഉപയോഗിച്ച ഉപകരണത്തിന്റെ IP അഡ്രസ്സും, ജോലിയെടുത്ത തപാൽ/ഫയൽ എന്നിവയുടെ വിശദമായ വിവരങ്ങളും **"Log Details"** എന്ന ആക്ഷൻ ബട്ടണിൽ ക്ലിക്ക് ചെയ്താൽ അറിയാൻ സാധിക്കുന്നതാണ്.

പല ഓഫീസുകളിലും ഇത്തരത്തിൽ ജീവനക്കാരുടെ ലോഗിൻ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും, പല ജീവനക്കാരും ഒരേ സമയം വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നും ഉള്ള വ്യത്യസ്ഥ IP അഡ്രസ്സുകളിൽ ലോഗിൻ ചെയ്തിട്ടുള്ളതായി കാണാൻ സാധിച്ചിട്ടുണ്ട്. ആയതിൽ നിന്നും ഒരു ജീവനക്കാരന്റെ/ജീവനക്കാരിയുടെ യൂസർനെയിം, പാസ് വേർഡ് എന്നിവ മറ്റു ജീവനക്കാർ ആരെങ്കിലും ഉപയോഗിച്ചിട്ടുള്ളതായി അനുമാനിക്കാവുന്നതാണ്.

ഇങ്ങനെ മറ്റൊരാളുടെ യൂസർനെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ച് iAPS-ൽ ലോഗിൻ ചെയ്യുന്നതും, സ്വന്തം യൂസർനെയിം, പാസ് വേർഡ് എന്നിവ, മേലധികാരിയുടെ അറിവോ സമ്മതമോ കൂടാതെ, മറ്റാരെങ്കിലുമായി പങ്കു വെക്കുന്നതും ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവും ആണ്. ഇത്തരത്തിൽ ഉള്ള പ്രവൃത്തികൾ ചെയ്യുന്ന ജീവനക്കാർക്കെതിരെ ശിക്ഷണനടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിക്കുന്നു.

**മേൽ പ്രതിപാദിച്ച നിർദ്ദേശങ്ങൾ എല്ലാം അതാതു ജീവനക്കാർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് എല്ലാ മേലധികാരികളും പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും ഇക്കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന ജീവനക്കാരുടെ മേൽ തക്കതായ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതും ആണ്.**

31-8-2020

**ലോക്നാഥ് ബെഹ്റ ഐ.പി.എസ്**
**സംസ്ഥാന പോലീസ് മേധാവി**

സ്വീകർത്താവ് : എല്ലാ ലിസ്റ്റ് ബിയിലെ ഉദ്യോഗസ്ഥർക്കും

പകർപ്പ് : 1. CAs to DGP & SPC/All Staff Officers, PHQ
2. SFO/Manager/AO/All SS/JS/Sections in PHQ
3. D Space/Circular File/SF